ഭരണഭാഷ- മാതൃഭാഷ

TRY/107/2020-E1

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി **01/02/2020**

പ്രേഷകൻ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്
ചീഫ് എക്സിക്യൂട്ടീവ്
കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്
എറണാകുളം

സർ,

വിഷയം: ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ സംവിധാനം- അക്കൗണ്ടിലെ ബാലൻസ് വിവരം അറിയുന്നത് – സംബന്ധിച്ച്.

സൂചന താങ്കളുടെ 15.11.2019 തീയതിലെ എഫ് 1 / 14694 / 2019 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. STSB അക്കൗണ്ടുകളിൽ നിന്നും ഓൺലൈൻ ട്രാൻസ്ഫർ നിലവിൽ സാധ്യമല്ല. STSB അക്കൗണ്ടുകളിൽ നിന്നും ചെക്ക് മുഖേന മാത്രമേ തുക ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറ്റം (NEFT) ചെയ്യുവാൻ സാധിക്കുകയുള്ളു.

STSB അക്കൗണ്ടിലെ ബാലൻസ് വിവരം WAMS ആപ്ലിക്കേഷൻ മുഖേന അറിയാവുന്നതാണ്. WAMS-ൽ ലോഗിൻ ചെയ്യുന്നതിനുള്ള ID ലഭ്യമാക്കുന്നതിലേക്കായി ധനകാര്യ വകുപ്പിലെ ways and means സെക്ഷനിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

വി.സാജൻ
ജോയിന്റ് ഡയറക്ടർ
ട്രഷറി ഡയറക്ടർക്കു വേണ്ടി

S..........

തിയതി - 15.11.2019

എഫ്1-14694/2019

പ്രേഷക

ചീഫ് എക്സിക്യൂട്ടീവ് (I/C)

Despatched
19/11/19

സ്വീകർത്താവ്

ട്രഷറി ഡയറക്ടർ,
ട്രഷറി ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

സർ,

വിഷയം-ജില്ലാ ട്രഷറികളിൽ നിന്നും നേരിടുന്ന ബുദ്ധിമുട്ടുകളെ കുറിച്ച് അറിയിക്കുന്നത് സംബന്ധിച്ച്.

സൂചന- 01/11/2019 തീയതിയിലെ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് തിരുവനന്തപുരം ജില്ലാ കമ്മിറ്റി ചെയർമാന്റെ ഇ 3-323/19 നമ്പർ കത്ത്.

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന് 14 ജില്ലകളിലായി ബോർഡ് ഓഫീസ് അടക്കം 121 ഓഫീസുകൾ ഉണ്ട്. ടി ബോർഡ് കേരള സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്നു. കേരള സർക്കാരിന്റെ നിർദ്ദേശ പ്രകാരം ബോർഡിന്റെ ഫണ്ടുകൾ ട്രഷറിയിലേയ്ക്ക് മാറ്റുവാൻ ചെല്ലുമ്പോൾ ട്രഷറിയിൽ നോട്ടിഫിക്കേഷൻ കിട്ടിയിട്ടില്ല എന്ന് പറഞ്ഞ് മടക്കാറാണുള്ളത്. കൂടാതെ സർക്കാർ ഓൺലൈൻ ട്രാൻസ്ഫറുകളെ കുറിച്ച് സംസാരിക്കാറുണ്ടെങ്കിലും ട്രഷറിയിൽ ഈ സംവിധാനം നിലവിലില്ലാത്തതുകൊണ്ട് ബോർഡിന്റെ ഫണ്ട് കളക്ഷൻ ചെക്ക് മുഖേന മാറുന്നതിന് കുറഞ്ഞത് 4, 5 ദിവസമെങ്കിലും എടുക്കാറുള്ളത് മൂലം ബോർഡിന് പലിശ നഷ്ടം സംഭവിക്കുന്നു. ഇതിന് പുറമേ, ട്രഷറി ജീവനക്കാർ ബോർഡ് ഓഫീസിലെ ജീവനക്കാരോട് വളരെ മോശമായാണ് പെരുമാറുന്നതെന്നും വിവിധ ഓഫീസുകളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. കൃത്യമായി ബാലൻസ് അറിയുന്നതിന് ട്രഷറിയിൽ നേരിട്ട് എത്തി കാത്തുനിൽക്കേണ്ട അവസ്ഥയാണ്. ആയതിനാൽ ട്രഷറികളിൽ നിന്നും ബോർഡിനും ബോർഡ് സ്റ്റാഫിനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കി തരണമെന്നും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും സവിനയം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Shyja S

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)